**കേരള സർക്കാർ**

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**നം. 51/2024/ധന** തീയതി, തിരുവനന്തപുരം. **24/08/2024**

**സർക്കുലർ**

വിഷയം:- ധനകാര്യ വകുപ്പ് -വയനാട് ഉരുൾപൊട്ടൽ ദുരന്തം- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (CMDRF) ജീവനക്കാരുടെ വേതന വിഹിതം നല്കുന്നതിനുള്ള സംവിധാനം സ്പാർക്ക് (SPARK) -ൽ ഏർപ്പെടുത്തിയത്- ഡി.ഡി.ഒ (DDO) മാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 16/08/2024 ലെ സ.ഉ.(അ) നം. 70/2024/ധന ഉത്തരവ്.

സംസ്ഥാനത്ത്, 2024 ജൂലൈയിൽ വയനാട്ടിൽ അപ്രതീക്ഷിതമായി ഉണ്ടായ ഉരുൾപൊട്ടൽ വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും ടി ജില്ലയുടെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തെ സർക്കാർ/ അർദ്ധസർക്കാർ/പൊതുമേഖല/ എയ്ഡഡ് /യൂണിവേഴ്സിറ്റി/ ഗ്രാന്റ് ഇൻ എയ്ഡ് /ബോർഡ്/ കമ്മീഷൻ/ ട്രൈബ്യൂണൽ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിലെ ജീവനക്കാർക്ക് തങ്ങളുടെ അഞ്ച് ദിവസത്തിൽ കുറയാത്ത ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നല്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു. അതിലേക്കായി ഒരു സമ്മതപത്രം ജീവനക്കാരിൽ നിന്നും ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ സ്വീകരിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിരുന്നു.

2. അപ്രകാരം, ജീവനക്കാരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ ശമ്പള തുകയിൽ നിന്നും സി.എം.ഡി.ആർ.എഫ് -ലേക്ക് സംഭാവനയായി നല്കേണ്ട തുക കുറവ് വരുത്തുന്നത് സംബന്ധിച്ച് സ്പാർക്കിൽ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ഡി.ഡി.ഒ- മാരുടേയും അറിവിലേക്കായി ചുവടെ ചേർക്കുന്നു:

(1) അഞ്ച് ദിവസത്തെ ശമ്പള തുക സി.എം.ഡി.ആർ.എഫ് -ലേക്ക് സംഭാവനയായി നല്കുന്ന സാഹചര്യത്തിൽ : -

(i) ഒറ്റത്തവണയായി നല്കാൻ സമ്മതം അറിയിച്ചിരിക്കുന്ന ജീവനക്കാരുടെ ശമ്പള തുകയിൽ നിന്നും അപ്രകാരം തുക കുറവ് ചെയ്ത് നല്കാവുന്നതാണ്

(ii) മൂന്നു തവണകളായി നല്കാൻ സമ്മതം അറിയിച്ചിരിക്കുന്ന ജീവനക്കാരുടെ 2024 ആഗസ്റ്റ് മാസത്തെ ശമ്പള തുകയിൽ നിന്നും ഒരു ദിവസത്തേയും തുടർന്നുള്ള രണ്ട് മാസങ്ങളിലെയും ശമ്പള തുകയിൽനിന്നും രണ്ട് ദിവസത്തേ ശമ്പളം വീതവും കുറവ് ചെയ്ത് നല്കാവുന്നതാണ്.

(iii) രണ്ട്/നാല് തവണകളായി നല്കാൻ സമ്മതം അറിയിച്ചിരിക്കുന്ന പക്ഷം തുല്യ ഗഡുക്കളായി (തുക പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ചുകൊണ്ട് ) ശമ്പളം കുറവ് ചെയ്ത് നല്കാവുന്നതാണ്.

(2) അഞ്ച് ദിവസത്തിലധികം ദിവസങ്ങളിലെ ശമ്പള തുക സി.എം.ഡി.ആർ.എഫ് -ലേക്ക് സംഭാവനയായി നല്കാൻ സന്നദ്ധരായ ജീവനക്കാരുടെ 2024 ആഗസ്റ്റ് മാസം മുതലുള്ള ശമ്പള തുകയിൽ നിന്നും രണ്ട് ദിവസത്തെ വേതനത്തിൽ കുറയാത്ത തുല്യ ഗഡുക്കളായി ശമ്പളം കുറവ് ചെയ്ത് നല്കാവുന്നതാണ്. രണ്ട് ദിവസത്തെ വേതനത്തിൽ കുറഞ്ഞ തുക അവശേഷിക്കുന്ന പക്ഷം ആയത് അവസാന ഗഡുവായി കുറവ് ചെയ്യാവുന്നതാണ്.

(3) ആർജ്ജിതാവധി സറണ്ടർ ചെയ്ത് സംഭാവന നൽകുവാൻ സമ്മതം അറിയിച്ചിരിക്കുന്ന, നോൺ ഗസറ്റഡായ ജീവനക്കാർക്ക് സ്പാർക്കിലെ തന്നെ ഓൺലൈൻ മോഡ്യൂളിലൂടെ അപേക്ഷ നൽകുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ആയത് താമസംവിനാ ഏർപ്പെടുത്തുന്നതും, ഏർപ്പെടുത്തിയ വിവരം സ്പാർക്ക് നോട്ടീസ് ബോർഡിൽ ഫ്ലാഷ് മെസ്സേജായി പ്രസിദ്ധീകരിക്കുന്നതുമാണ്. എന്നാൽ ഗസറ്റഡ് ജീവനക്കാർക്ക് ഓൺലൈനിലല്ലാതെ, ഇത് പ്രത്യേക അപേക്ഷയായി ബന്ധപ്പെട്ട അധികാരി മുൻപാകെ അനുമതി ഉത്തരവിനായി സമർപ്പിക്കാവുന്നതും നിലവിലെ നടപടിക്രമം പാലിച്ച തന്നെ അനുമതി ഉത്തരവ് അക്കൗണ്ടന്റ് ജനറലിന് അയയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അത്തരം കേസുകളിൽ അക്കൗണ്ടന്റ് ജനറൽ ഓൺലൈനായി സ്പാർക്കിലേക്ക് ആതറൈസേക്ഷൻ നൽകുന്ന മുറയ്ക്ക് ബില്ല് തയ്യാറാക്കാവുന്നതാണ്.

(4) പി. എഫ് മുൻകൂർ/ പിൻവലിക്കൽ നടത്തി സംഭാവന നൽകുവാൻ സമ്മതം അറിയിച്ചിരിക്കുന്ന ജീവനക്കാർക്ക് സ്പാർക്കിലൂടെ തന്നെ അത്തരം അപേക്ഷ, പി. എഫ്-ന്റെ നിലവിലെ ചട്ടങ്ങൾ പ്രകാരം നൽകാവുന്നതാണ്. ആയതിനുള്ള സംവിധാനം, താമസംവിനാ ഏർപ്പെടുത്തുന്നതും, ഏർപ്പെടുത്തിയ വിവരം സ്പാർക്ക് നോട്ടീസ് ബോർഡിൽ ഫ്ലാഷ് മെസ്സേജായി പ്രസിദ്ധീകരിക്കുന്നതുമാണ്.

(5) പെൻ (PEN) ഉള്ളതും എന്നാൽ നിലവിൽ സ്പാർക്കില്ലാത്ത ഓഫീസിൽ അന്യത്രസേവനത്തിൽ ജോലി ചെയ്യുന്നതുമായ ജീവനക്കാർ, പി. എഫ് മുൻകൂർ/ പിൻവലിക്കൽ മുഖേനയാണ് സംഭാവന നൽകുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ ആയതിനുള്ള അപേക്ഷ, ടി ജീവനക്കാരൻ അവസാനം ജോലി നോക്കിയിരുന്ന, (സ്പാർക്ക്

ഉപയോഗിക്കുന്ന) ഓഫീസിലെ ഡി.ഡി.ഒ-യ്ക്ക്, അന്യത്ര സേവന ഓഫീസ് മുഖേന മാനുവലായി അയച്ചു കൊടുക്കേണ്ടതും, ബന്ധപ്പെട്ട ഡി.ഡി.ഒ, സ്പാർക്കിൽ ടി അപേക്ഷ പ്രോസസ് ചെയ്യേണ്ടതുമാണ്.

(6) സ്പാർക്കിൽ ചെയ്യേണ്ട നടപടികളുടെ ഒരു ട്യൂട്ടോറിയൽ www.info.spark.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**സുരേഷ് കുമാർ ഒ.ബി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
3. ചീഫ് പ്രോജക്റ്റ് മാനേജർ, സ്പാർക്ക് പി.എം.യു.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
5. എല്ലാ ഭരണ വകുപ്പ് സെക്രട്ടറിമാർക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
6. എല്ലാ ഭരണ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന).
7. എല്ലാ വകുപ്പ് മേധാവികൾക്കും (ഭരണ വകുപ്പ് മുഖേന).
8. എല്ലാ ചീഫ് കൺട്രോളിംഗ് ഓഫീസർമാർക്കും (ഭരണ വകുപ്പ് മുഖേന).
9. എല്ലാ ഡി.ഡി.ഒ.മാർക്കും ( സി.സി.ഒ മാർ മുഖേന).
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി [2882087 SL-2/19/2024-FIN ]

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ